# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/11/2025** **STD - IX** **മാർക്ക് - 50**

**10.30am - 12.30pm** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * ബലിപീഠം | * ലെയ്ത്തൂർഗിയ | * സങ്കീർത്തനങ്ങൾ |
| * അഗാപ്പേ | * സക്രാരി | * വിശ്വാസാനുഭവം |
| * ദൈവവചനം | * അനാഫൊറ | * വി. ജെറോം |
| * ഹൈക്കല | * തോറ | * മാലാഖമാർ |
| * രക്തസാക്ഷികൾ | * വി. ജോൺ ക്രിസോസ്റ്റോം | * അപ്പം മുറിക്കൽ |

1. ലിറ്റർജി എന്ന വാക്ക് ഏത് ഗ്രീക്ക് പദത്തിൽ നിന്നാണ് ഉണ്ടായത്?
2. ക്രൈസ്തവ ജീവിതത്തിന്റ അടിസ്ഥാനം എന്താണ്?
3. വി. കുർബാനയുടെ കേന്ദ്രഭാഗം എന്താണ്?
4. ആരാധനാവേളയിൽ ആലപിക്കുന്ന ഗാനങ്ങൾ ആരുടെ സ്വർഗീയ കീർത്തനങ്ങളെ സൂചിപ്പിക്കുന്നു?
5. ഇസ്രായേൽക്കാരുടെ മതാത്മക ജീവിതത്തിന്റെ ഹൃദയത്തുടിപ്പുകൾ എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?
6. ദൈവാലയത്തിൽ വിശ്വാസികൾ നിൽക്കുന്ന സ്ഥലത്തെ വിളിക്കുന്ന പേര് എന്ത്?
7. “ദൈവം വിരുന്നൊരുക്കി നിങ്ങളെ കാത്തിരിക്കുകയാണ്. നിങ്ങളെ വിശ്രമത്തിനായി ക്ഷണിക്കുകയാണ്.” എന്ന് പഠിപ്പിച്ച വിശുദ്ധൻ ആര്?
8. കർത്താവിന്റെ കബറിടവും നമ്മുടെ വിശുദ്ധീകരണത്തിന്റെ വേദിയുമായി വിശേഷിപ്പിക്കുന്നത് എന്തിനെ?
9. വി. കുർബാനയിൽ അനാഫൊറയിലേക്ക് കടക്കുന്നതിന് മുൻപ് സമൂഹം പ്രഖ്യാപിക്കുന്നത് എന്ത്?
10. ആദിമക്രൈസ്തവർ തങ്ങളുടെ കൂട്ടായ്മയ്ക്കും, അനുഷ്ഠിച്ചിരുന്ന കർമ്മങ്ങൾക്കും നൽകിയ പേരെന്ത്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. ദൈവാലയത്തിലെ കെടാവിളക്ക് എന്തിനെ സൂചിപ്പിക്കുന്നു?
12. വി. കുർബാനയിലെ ഉത്ഥാനഗീതത്തിൽ നാം അനുസ്മരിക്കുന്നത് എന്തെല്ലാം?

13. വി. കുർബാന സ്വീകരണം നമ്മെ ദൈവത്തിന്റെ പരിശുദ്ധി സ്വന്തമാക്കാൻ സഹായിക്കുന്നുവെന്ന് പറയാൻ കാരണമെന്ത്?

14. വി. കുർബാന പരമോന്നതമായ ആരാധനയാണെന്ന് പറയാൻ കാരണം എന്ത്?

15. വി. കുർബാനയിൽ കൈകഴുകുന്നത് എന്തിന്റെ പ്രതീകമാണ്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

16. ആത്മാവിലും സത്യത്തിലും ആരാധനയർപ്പിക്കേണ്ടത് എങ്ങനെയെന്നാണ് ഈശോ പഠിപ്പിച്ചത്?

17. 'ദൈവവചനം ഇന്നും ജീവദായകമാണ്.' എങ്ങനെ?

18. വി. കുർബാനയിൽ നമ്മൾ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത് എന്തെല്ലാം?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

19. മനസ്താപപ്രകരണം എഴുതുക.

20. സഭാചരിത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര്?

21. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 27:14, "കർത്താവിൽ ..........."

22. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഉയർത്തിപ്പിടിച്ച കരങ്ങൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

23. ദൈവാരാധനയിലെ വിവിധ അടയാളങ്ങൾ ഏവയെന്നും അവയുടെ പ്രാധാന്യം എന്തെന്നും 'അടയാളങ്ങളും പ്രതീകങ്ങളും' എന്ന പാഠഭാഗത്തെ ആസ്പദമാക്കി എഴുതുക.

24. കോവിഡ് കാലഘട്ടത്തിൽ നമ്മുടെ ഇടയിലേക്ക് കടന്നു വന്നതാണ് ഓൺലൈനിലൂടെയുള്ള കുർബാന. ഇപ്പോഴും ഞായറാഴ്ച്ച പള്ളിയിൽ പോകാതെ പലരും ഓൺലൈൻ കുർബാനയിൽ പങ്കെടുക്കുന്നുണ്ട്. ഇതു ശരിയായ പ്രവണതയാണോ? 'ഞായറാഴ്ച കുർബാന ക്രൈസ്തവരുടെ ജീവിതക്രമത്തിന്റെ കേന്ദ്രം' എന്ന ഉപപാഠഭാഗത്തെ ആസ്പദമാക്കി നിങ്ങളുടെ ഉത്തരം സമർത്ഥിക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# Semester 1 2025-2026

# STD IX

## A.ഏറ്റവും ശരിയായ ഉത്തരം എടുത്ത് എഴുതുക.

1. **ലെയ്ത്തൂർഗിയ (1/14/3)**
2. **ദൈവവചനം (8/63/1)**
3. **അനാഫൊറ (6/50/1)**
4. **മാലാഖമാർ (2/21/2)**
5. **സങ്കീർത്തനങ്ങൾ (5/41/1)**
6. **ഹൈക്കല (3/25/4)**
7. **വി. ജോൺ ക്രിസോസ്റ്റോം (ഉപപാഠം/4/15/4)**
8. **ബലിപീഠം (7/61/2)**
9. **വിശ്വാസാനുഭവം (6/49/2)**
10. **അപ്പം മുറിക്കൽ (ഉപപാഠം 2/7/2)**

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (1*5=5)

11. **3/26/6**

ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ നിരന്തര സാന്നിധ്യത്തെ.

12. **5/41/4**

ഈശോയുടെ മാമ്മോദീസാ, രണ്ടാമത്തെ മാമ്മോദീസയായ മരണവും ഉത്ഥാനവും, ഇവയിൽ നമ്മെ പങ്കുകാരാക്കുന്ന നമ്മുടെ മാമ്മോദീസ, നമുക്കു ലഭിക്കാനിരിക്കുന്ന സ്വർഗ്ഗീയ മഹത്വം.

13. **7/59/2**

വിശുദ്ധ കുർബാന പരിശുദ്ധ ത്രിത്വവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

14. **4/31/2**

ഈശോ തന്റെ ജീവിത സമർപ്പണത്തിലൂടെ പിതാവിനർപ്പിച്ച പരമോന്നതമായ ആരാധനയുടെ കൗദാശികമായ ആഘോഷമാണ് അൾത്താരയിലെ ബലി.

15. **6/48/3**

കർത്താവിന്റെ കൃപാസമുദ്രത്തിൽ ആരാധനാ സമൂഹം മുഴുവൻ കഴുകി ആദ്ധ്യാത്മികമായി വിശുദ്ധീകരിക്കപ്പെടുന്നതിന്റെ.

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക. (2*3=6)

16. **1/13/2**

പിതാവിന്റെ ഹിതം പൂർണ്ണമായി നിറവേറ്റുവാൻ

............

ദൈവഹിതം പൂർണ്ണമായി നിറവേറ്റിക്കൊണ്ട് ഈശോ നമ്മെ പഠിപ്പിച്ചു.

17. **8/67/3**

മരവിച്ച മനസ്സുകളെ അതു ഉജ്ജീവിപ്പിക്കുന്നു.

...............

വഴിതെറ്റിയവർക്കു നേർവഴികാട്ടുന്നു.

18. **4/33/1**

അവിടുത്തെ ജനനം, ജീവിതം,

............

ആഘോഷിക്കുകയും ചെയ്യുന്നു.

## D. നമസ്ക്കാരങ്ങൾ/സത്യദീപം/ ബൈബിൾ/ ലോഗോ (1*4=4)

19. മനസ്താപപ്രകരണം (നമസ്കാരങ്ങൾ 17)
20. എവുസേബിയൂസ് ഓഫ് സേസറയ
21. സങ്കീർത്തനങ്ങൾ 27:14 :- കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ; കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ.
22. **ഉയർത്തിപ്പിടിച്ച കരങ്ങൾ:** എന്നും ദൈവത്തിലേക്ക് ഉയരേണ്ട പ്രാർ ത്ഥനയുടെ കൈകൾ. യഥാർത്ഥ സന്തോഷം ഈശോയിലാണെന്ന തിരിച്ചറിവിൽ തകർച്ചകളിലും ആസക്തികളിലും പ്രത്യാശയോടെ ഈശോയെ വിളിച്ചപേക്ഷിക്കണം.

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക.

23. **2/19-21** 'അടയാളങ്ങളും പ്രതീകങ്ങളും'

- ദൈവാരാധനയിലെ വിവിധ അടയാളങ്ങൾ 7 Points
- അടയാളങ്ങളുടെ പ്രാധാന്യം

24. **ഉപപാഠം 4/14-15** 'ഞായറാഴ്ച കുർബാന ക്രൈസ്തവരുടെ ജീവിതക്രമത്തിന്റെ കേന്ദ്രം' എന്ന ഉപപാഠഭാഗത്തെ ആസ്പദമാക്കി.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** | **മാർക്ക് - 50**
**10.30 A.M. - 12.30 P.M.** | **STD - IX** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

| | | |
|---|---|---|
| * കൂദാശ | * സങ്കീർത്തനം 91:04 | * അപ്പവും വീഞ്ഞും |
| * സങ്കീർത്തനങ്ങൾ | * പവിത്രീകരണം | * വി. ഇരണേവൂസ് |
| * അൾത്താര | * യൂക്കരിസ്റ്റ് | * ആമുഖശുശ്രൂഷ |
| * വചനശുശ്രൂഷ | * സങ്കീർത്തനം 119:105 | * വി. കുർബാന |
| * ഈശോയുടെ കുരിശുമരണം | * കാസയും പീലാസയും | * അനുരഞ്ജന കാറോസൂസ |

1. 'ദൈവഹിതമനുസരിച്ചുള്ള - ദൈവകല്പനകൾക്കനുസൃതമായ - ജീവിതമാണ് യഥാർത്ഥ ആരാധന.' ഇപ്രകാരം പറഞ്ഞത് ആര്?
2. സാർവ്വത്രികമായി വി. കുർബാനയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പേര് എന്ത്?
3. അദൃശ്യമായ സ്വർഗീയയാഥാർത്ഥ്യത്തെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്ന അടയാളം?
4. കർത്താവിന്റെ കല്ലറയെ സൂചിപ്പിക്കുന്ന മദ്ബഹായുടെ കേന്ദ്രം
5. ദൈവോന്മുഖവും പരോന്മുഖവുമായ ജീവിതത്തിന് ഊർജം നല്കുന്ന ശക്തിസ്രോതസ്സ്
6. ഇസ്രായേൽക്കാരുടെ മതാത്മക ജീവിതത്തിന്റെ ഹൃദയത്തുടിപ്പുകൾ ഏത്?
7. വി. കുർബാനയിൽ ബലിവസ്തുക്കളുടെ സമർപ്പണ സമയത്ത് ദിവ്യരഹസ്യങ്ങളെ(കാസയും പീലാസയും) കുരിശാകൃതിയിൽ ഉയർത്തുന്നത് എന്തിനെ സൂചിപ്പിക്കുന്നു?
8. വി. കുർബാനസ്വീകരണത്തിനായി എന്തൊക്കെ ചെയ്യണമെന്നും വി. കുർബാനയുടെ ഫലങ്ങൾ എന്തൊക്കെയാണെന്നും നമ്മെ അനുസ്മരിപ്പിക്കുന്ന പ്രാർത്ഥന ഏത്?
9. 'ദൈവത്തിന്റെ വചനം നമ്മുടെ പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവുമാണ്.' ബൈബിൾ വാക്യം ഏത്?
10. വി. കുർബാനയിൽ ഈശോയുടെ പരസ്യജീവിതം, സുവിശേഷ പ്രഘോഷണം, പ്രേഷിതപ്രവൃത്തികൾ എന്നിവ നാം അനുസ്മരിക്കുന്ന ശുശ്രൂഷ ഏത്?
11. വി. കുർബാനയിൽ ഈശോയുടെ ശരീരരക്തങ്ങളുടെ പ്രതീകം എന്ത്?
12. 'കൂദാശ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്ത്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

13. അനാഫൊറയിൽ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതെന്ത്?
14. ‘ലിറ്റർജി’ എന്നാൽ എന്ത്?
15. ആമുഖശുശ്രൂഷ എന്നാൽ എന്ത്?
16. വി. കുർബാനയിൽ സമൂഹം വിശ്വാസപ്രമാണത്തിലൂടെ ഏറ്റുപറയുന്നത് എന്ത്?
17. പരമോന്നതമായ ആരാധനയാണ് വി. കുർബാന, കാരണമെന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

18. ദൈവവചനം ജീവിതസ്പർശിയാകുവാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
19. വി. കുർബാനയുടെ ഫലങ്ങൾ എന്തെല്ലാം?
20. ദൈവാരാധനയിൽ അടയാളങ്ങളും പ്രതീകങ്ങളും നമ്മെ എപ്രകാരമാണ് സഹായിക്കുന്നത്?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങൾ എന്തെല്ലാം?
22. സമ്പൂർണ്ണ കത്തോലിക്ക ബൈബിൾ മലയാളത്തിലേക്ക് ആദ്യമായി വിവർത്തനം നടത്തിയത് ആര്?
23. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 125:1, “കർത്താവിൽ ..........”
24. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം ‘പ്രാർത്ഥനയിൽ വളരാം’ എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന ‘വി. കുരിശ്’ എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. വി. കുർബാനയിലൂടെ ഈശോയെ സ്വീകരിച്ച്, ആത്മീയ ഊർജം നേടി ബലിജീവിതം നമുക്ക് തുടരാൻ സാധിക്കുന്നത് എങ്ങനെയെന്ന് ‘വി. കുർബാന പരമോന്നത ആരാധന’ എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.
26. “ഞായറാഴ്ച വി. കുർബാനയിൽ പങ്കെടുക്കുക എന്നത് ഗൗരവപൂർണ്ണമായ ദൈവകല്പനയുടെയും സഭാനിയമത്തിന്റെയും പാലനമാണ്.” ഉപപാഠപുസ്തകത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

‘പ്രാർത്ഥനയിൽ വളരാം’ എന്നതാണല്ലോ ഈ വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം. പ്രാർത്ഥനയോടുള്ള നിങ്ങളുടെ മനോഭാവവും നിങ്ങളുടെ പ്രാർത്ഥനാരീതികളും എപ്രകാരമാണ്? പള്ളിയിൽ പോകുവാനും കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കാനും താത്പര്യമില്ലാത്ത നിങ്ങളുടെ സുഹൃത്തിനെ എങ്ങനെ പ്രാർത്ഥനാ ജീവിതത്തിലേക്ക് കൊണ്ടുവരാനാകുമെന്ന് വിവരിക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

## എറണാകുളം-അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം

# STD IX

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (10 എണ്ണം)

1) വി. ഇരണേവൂസ് (പാഠം 1, പേജ് 13, പാര 2)
2) 'യൂക്കരിസ്റ്റ്' (ഉപപാഠം 2, പേജ് 7, പാര 4)
3) കൂദാശ (പാഠം 2, പേജ് 19, പാര 3)
4) അൾത്താര (പാഠം 3, പേജ് 24, പാര 2)
5) വി. കുർബാന (പാഠം 4, പേജ് 35, പാര 1)
6) സങ്കീർത്തനങ്ങൾ (പാഠം 5, പേജ് 41, പാര 1)
7) ഈശോയുടെ കുരിശുമരണത്തെ (പാഠം 6, പേജ് 48, പാര 49)
8) അനുരഞ്ജന കാറോസൂസ (പാഠം 7, പേജ് 58, പാര 1)
9) സങ്കീർത്തനം 119: 105 (പാഠം 8, പേജ് 66, പാര 2)
10) വചനശുശ്രൂഷ (പാഠം 5, പേജ് 42, പാര 1)
11) അപ്പവും വീഞ്ഞും (പാഠം 3, പേജ് 26, പാര 4)
12) പവിത്രീകരണം (ഉപപാഠം 2, പേജ് 8, പാര 4)

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

13) പാഠം 6, പേജ് 54, പാര 1
14) പാഠം 1, പേജ് 14, പാര 3
15) പാഠം 5, പേജ് 39, പാര 1
16) പാഠം 6, പേജ് 49, പാര 2
17) പാഠം 4, പേജ് 31, പാര 2

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക

18) പാഠം 8, പേജ് 68, പാര 3
19) പാഠം 7, പേജ് 60, പാര 1
20) പാഠം 2, പേജ് 19, പാര 1,2

## D. നമസ്ക്കാരങ്ങൾ/ സത്യദീപം/ ബൈബിൾ / ലോഗോ

21) നമസ്കാരപുസത്കം-13, പേജ് 11
22) മോൺസിഞ്ഞോർ തോമസ് മൂത്തേടൻ (സത്യദീപം, ജൂൺ 12, പേജ് 09)
23) സങ്കീർത്തനം 125:1, (വചനദീപം പേജ് 27, ഒക്ടോബർ 27)
24) 'വി. കുരിശ് ' (വചനദീപം, പേജ് 10)

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക**

25) പാഠം 4 'വി. കുർബാന പരമോന്നത ആരാധന'

- അബ്രാഹത്തിന്റെ ബലി
- ഈശോയുടെ ബലി
- വി. കുർബാന ബലിയും വിരുന്നും
- വി. കുർബാന - മിശിഹാസംഭവത്തിന്റെ ആഘോഷം
- വി. കുർബാന - സഭാസമൂഹത്തിന്റെ പ്രാർത്ഥന
- സഭയുടെ ആരാധനയിൽ സന്നിഹിതനാകുന്ന ഈശോ
- വി. കുർബാന - ക്രൈസ്തവ ജീവിതത്തിന്റെ ശക്തികേന്ദ്രം
- ജീവിതത്തിൽ തുടരുന്ന വി. കുർബാന - ജീവിതബലി
- വ്യക്തിപരമായ അഭിപ്രായങ്ങൾ

26) ഉപപാഠപുസ്തകം പാഠം 4

or

പൊതുചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

08/10/2023 | മാർക്ക് - 50
10.30 A.M. - 12.30 P.M. | **STD - IX** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * മക്കൾ | * കൂട്ടായ്മ | * കൂദാശകൾ |
| * വിശ്വസ്തത | * ദാരിദ്ര്യം | * മാമ്മോദീസ |
| * അനുസരണം | * മിശിഹാ | * കൈത്താക്കാലം |
| * വി. കുർബാന | * പുരോഹിതൻ | * ഉയിർപ്പുകാലം |
| * സഹോദരസ്നേഹം | * രോഗീലേപനം | * തൈലാഭിഷേകം |

1. 'ദൈവമാണ് മനുഷ്യന്റെ യഥാർത്ഥമായ നിക്ഷേപം' എന്ന് പ്രഘോഷിക്കുന്ന സന്യാസ വ്രതം ഏത്?
2. ആത്മീയ പോഷണം നേടി നാം വളരുന്ന കൂദാശ ഏത്?
3. പുനരുത്ഥാനത്തിലൂടെ ഈശോ നേടിയ പുതുജീവനിൽ പങ്കുചേരാനും അതിൽ സന്തോഷിക്കാനുമുള്ള ആരാധനാവത്സരത്തിലെ കാലം ഏത്?
4. ദമ്പതികളുടെ അലൗകിക സ്നേഹത്തിന് ദൈവം നല്കുന്ന അനർഘസമ്മാനം എന്ത്?
5. ദൈവരാജ്യത്തിനായി കുഞ്ഞുങ്ങളെ മുദ്രവയ്ക്കുന്ന കർമ്മമായി മാർ അപ്രേം കാണുന്ന കൂദാശ ഏത്?
6. 'മുൻപിൽ വയ്ക്കപ്പെട്ടവൻ' എന്ന് അർത്ഥം വരുന്ന പദമേത്?
7. ദൈവകാരുണ്യത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ടു ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളെയും രോഗങ്ങളെയും വേദനകളെയും സമചിത്തതയോടെ സ്വീകരിക്കാൻ നമ്മെ ശക്തരാക്കുന്ന കൂദാശ ഏത്?
8. മാമ്മോദീസായിൽ ലഭിച്ച കൃപാവരത്തിന്റെ പൂർത്തീകരണത്തിന് ഏത് കൂദാശയാണ് അത്യാവശ്യം എന്നാണ് കത്തോലിക്കാസഭ പഠിപ്പിക്കുന്നത്?
9. വിവാഹജീവിതത്തിൽ ദമ്പതികൾ പരസ്പരം നടത്തുന്ന ആത്മദാനത്തിന്റെ അനന്തരഫലം എന്ത്?
10. ഒരു വ്യക്തിക്ക് ജീവിതത്തിന്റെ സുപ്രധാന ഘട്ടങ്ങളിലെല്ലാം രക്ഷയുടെ അനുഭവം പകർന്നു നൽകുന്നത് എന്ത്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. പ്രവേശകകൂദാശകൾ ഏതെല്ലാം?
12. സീറോ-മലബാർ സഭയിൽ അമ്പത് നോമ്പനുഷ്ഠിക്കുന്നത് എന്നു മുതൽ എന്നുവരെ?

13. മിശിഹായെ അനുകരിക്കുന്നതിൽ ഉണ്ടാകാവുന്ന പ്രതിബന്ധങ്ങളിൽ നിന്നും വിമുക്തി പ്രാപിക്കാൻ ഒരുവനെ പ്രാപ്തനാക്കുന്നതെന്ത്?

14. അനുരഞ്ജനകൂദാശയിലൂടെ പുന:സ്ഥാപിക്കപ്പെടുന്നത് എന്ത്?

15. സീറോ-മലബാർ സഭയുടെ പട്ടക്രമത്തിലെ ഒന്നാം കൈവയ്പു പ്രാർത്ഥന വ്യക്തമാക്കുന്നത് എന്ത്?

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 2X3=6

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

16. കൂദാശകൾ എന്നാൽ എന്ത്?

17. വിവാഹമെന്ന കൂദാശയിലെ പരമപ്രധാനമായ കർമ്മം എന്ത്?

18. മനസ്താപത്തിന്റെ കാതൽ എന്ത്?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

19. സുവിശേഷത്തിലെ വിശിഷ്ടോപദേശങ്ങളിൽ ഒരെണ്ണം എഴുതുക.

20. കൂദാശകൾ ഏഴ് എന്ന് ആദ്യമായി നിർവചിച്ചത് ആര്?

21. ദൈവവചനം എഴുതുക. യാക്കോബ് 4:17 "ചെയ്യേണ്ട........."

22. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'നന്മയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'കാസ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

23. ആത്മീയ ജീവിതത്തിൽ ആരാധനാവത്സരം ഏതെല്ലാം വിധത്തിൽ സ്വാധീനം ചെലുത്തുന്നു? പതിനാലാം പാഠത്തെ ആസ്പദമാക്കി ഒരു ലേഖനം എഴുതുക.

24. അമിതവേഗത്താലും അശ്രദ്ധയാലും ഒരുപാട് പേരുടെ ജീവിതം വഴിയിൽ പൊലിയുന്നുണ്ടല്ലോ. റോഡ് നിയമങ്ങൾ പാലിക്കുന്നത് സ്വന്തം ജീവനും മറ്റുള്ളവരുടെ വിലപ്പെട്ട ജീവനും സുരക്ഷിതമാക്കുന്നതിന്റെ ഭാഗമാണല്ലോ. ഈ വിഷയത്തിൽ ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാനാകും? നിങ്ങളുടെ നിലപാടുകൾ വ്യക്തമാക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/10/2022** **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - IX** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1X5=5**

1. അദൃശ്യമായ സ്വർഗീയയാഥാർത്ഥ്യത്തെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്ന അടയാളം ഏത്?

   1. ദൈവാലയം 2. കൂദാശ 3. മദ്ബഹ

2. വി. കുർബാനയിൽ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യുന്ന സ്ഥലം

   1. അൾത്താര 2. ബലിവേദി 3. ഉപപീഠങ്ങൾ

3. വി. കുർബാനയിൽ "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും" എന്നാരംഭിക്കുന്ന കാനോന ആരുടെ ആശംസയാണ്?

   1. വി. പൗലോസ് ശ്ലീഹായുടെ 2. വി. പത്രോസ് ശ്ലീഹായുടെ
   3. വി. യോഹന്നാൻ ശ്ലീഹായുടെ

4. "യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു". ഈശോ ആരോടാണ് ഇത് പറഞ്ഞത്?

   1. നിക്കൊദേമോസിനോട് 2. ശിഷ്യന്മാരോട്

   3. സമരിയാക്കാരി സ്ത്രീയോട്

5. മർക്കോസ് സുവിശേഷം 4-ാം അധ്യായത്തിൽ ദൈവരാജ്യത്തെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?

   1. വല 2. വിത്ത് 3. നിധി

**B. പൂരിപ്പിക്കുക** **1X5=5**

6. 'ഗ്ഹാന്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം -------- എന്നാണ്.
7. ദൈവാലയത്തിൽ വിശ്വാസികൾ നിൽക്കുന്ന സ്ഥലത്തിനു പറയുന്ന പേരാണ് --------.
8. -------- ആണ് പുതിയനിയമത്തിലെ യഥാർത്ഥ ആരാധനാസമൂഹം.
9. പുരോഹിതൻ നീതിയണിയണം എന്ന് ഓർമ്മിപ്പിക്കുന്ന നീതിയുടെ വസ്ത്രമാണ് --------.
10. സാർവ്വത്രിക രക്ഷയുടെ സുവിശേഷം എന്നറിയപ്പെടുന്ന സുവിശേഷമാണ് --------.

**C. മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11. വിശുദ്ധ കുർബാന ക്രൈസ്തവ ജീവിതത്തിന്റെ ശക്തികേന്ദ്രമാണ് എന്നുപറയുന്നത് എന്തുകൊണ്ട്?
12. 'ലിറ്റർജി' എന്നാൽ എന്ത്? ലിറ്റർജിയിൽ അനുസ്മരിക്കുന്ന രക്ഷാകര രഹസ്യങ്ങൾ ഏവ?
13. വിശുദ്ധ കുർബാനയിൽ സങ്കീർത്തനങ്ങൾ നമ്മെ എങ്ങനെ സഹായിക്കുന്നു?
14. വചനം ജീവിതസ്പർശിയാകുവാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
15. കുമ്പസാരത്തിനുള്ള ജപം എഴുതുക.
16. 2022-2023 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'ഒപ്പം നടക്കാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'മരം' എന്തിനെ സൂചിപ്പിക്കുന്നു. വിശദമാക്കുക.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക** **4X2=8**

17. അൾത്താരയിലെ ബലി അവിടെ അവസാനിക്കുന്നില്ല. അനുദിന ജീവിതത്തിലൂടെ അത് തുടരണം. സമർത്ഥിക്കുക.
18. വിശുദ്ധ കുർബാനയുടെ ഫലങ്ങൾ എഴുതുക.
19. വിശുദ്ധ കുർബാനയിലെ ആംഗ്യങ്ങളും നിലപാടുകളും വിശദമാക്കുക.

**E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

20. സഭയുടെ പരമോന്നത ആരാധനയാണല്ലോ വിശുദ്ധ കുർബാന. സഭാമക്കളായ നമുക്ക് വ്യക്തിപരമായി വിശുദ്ധ കുർബാന അനുഭവവേദ്യമാകണമെങ്കിൽ നമ്മൾ ഏതെല്ലാം വിധത്തിൽ വിശുദ്ധ കുർബാനയിൽ സജീവമായി പങ്കെടുക്കണം?
21. കൂദാശകളും പ്രാർത്ഥനകളും ഒരു വ്യക്തിയുടെ ആത്മീയ പരിപോഷണത്തിന് അത്യന്താപേക്ഷിതമാണ്. ദൈവത്തേയും ദൈവികകാര്യങ്ങളേയും മാറ്റിനിർത്തുന്ന ഈ കാലഘട്ടത്തിൽ കൂദാശകളെക്കുറിച്ച് പ്രത്യേകിച്ച് വി. കുർബാനയുടെ കൃപകളെക്കുറിച്ച് നിങ്ങളുടെ കൂട്ടുകാർക്ക് വിശദീകരിച്ച് കൊടുക്കുക.

22. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# STD IX

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. കൂദാശ (പാഠം 2, പേജ് 19, പാര. 3)
2. അൾത്താര (പാഠം 3, പേജ് 24, പാര.3)
3. വി. പൗലോസ് ശ്ലീഹായുടെ (പാഠം 7, പേജ് 57, പാര.5)
4. സമരിയാക്കാരി സ്ത്രീയോട് (പാഠം 1, പേജ് 13, പാര. 2)
5. വിത്ത് (മർക്കോസ് 4:26) (ബൈബിൾ)

## B. പൂരിപ്പിക്കുക

6. പ്രണമിക്കുന്നത് (പാഠം 6, പേജ് 50, പാര.2)
7. സമൂഹവേദി (ഹൈക്കല) (പാഠം 3, പേജ് 25, പാര. 4)
8. സഭ (പാഠം 1, പേജ് 14)
9. പൈന (കാപ്പ) (പാഠം 3, പേജ് 27, പാര. 5)
10. വി. ലൂക്കായുടെ സുവിശേഷം (സത്യദീപം, ആഗസ്റ്റ് 31, പേജ് 8)

## C. മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക

11. പാഠം 4, പേജ് 34, പാര. 2; 35, പാര. 1
12. പാഠം 1, പേജ് 15
13. പാഠം 5, പേജ് 41, പാര.1
14. പാഠം 8, പേജ് 68, പാര.4
15. നമസ്കാരങ്ങൾ 6
16. ലോഗോ

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക.

17. പാഠം 4, പേജ് 35, 36
18. പാഠം 7, പേജ് 60, പാര. 1
19. പാഠം 3, പേജ് 28-29

## E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക.

20. 1 മുതൽ 8 വരെയുള്ള പാഠഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തി.
21.